പി. കെ. കാളൻ സ്മാരകം

198(804) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫോക്ക്‌ലോർ അക്കാഡമിയ്ക്ക് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നൽകിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഫോക്ക്‌ലോർ അക്കാഡമി നടപ്പിലാക്കിയിട്ടുള്ള പ്രധാനപ്പെട്ട പരിപാടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പി.കെ. കാളൻ സ്മാരകം നിർമ്മിക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധമായി എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ ;

(ഡി) ഈ സ്മാരക നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കേരള ഫോക്‌ലോർ അക്കാദമിക്ക് നൽകിയിട്ടുള്ള സഹായങ്ങളെക്കുറിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

വർഷം	പദ്ധതി വിഹിതം (രൂപ)	പദ്ധതിയിതര വിഹിതം (രൂപ)	സ്പെഷ്യൽ ഗ്രാന്റ് (രൂപ)
2006-07	1,00,000	8,42,000	12,00,000
2007-08	12,00,000	9,26,000	13,50,000
2008-09	20,00,000	10,18,000	19,85,000
2009-10	40,00,000	11,19,000	23,20,000
2010-11	60,00,000	12,30,000	15,00,000

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കേരള ഫോക്‌ലോർ അക്കാദമി വിവിധ ജില്ലകളിൽ നാടൻ കലാസംഗമം, വിവിധ വിഷയങ്ങളെ അധികരിച്ച് സെമിനാറുകൾ, കൊല്ലം ജില്ലയിലെ കുണ്ടറയിൽ "വേണാടുത്സവം" എന്ന പേരിൽ അഖില കേരള നാടൻ കലാമേള, വിപണന മേള എന്നിവ സംഘടിപ്പിച്ചു. കലാകാരൻമാർക്ക് നൽകിവരുന്ന ചികിത്സാ ധനസഹായം, കുട്ടികൾക്കു നൽകിവരുന്ന സ്റ്റൈപ്പന്റ് എന്നിവയുടെ തുകയും എണ്ണവും വർദ്ധിപ്പിച്ചു. അവാർഡ്, ഫെലോഷിപ്പ് ഗുരുപൂജാ പുരസ്കാരങ്ങൾ എന്നിവയുടെ തുക വർദ്ധിപ്പിച്ചു. അക്കാദമി ലൈബ്രറി, മ്യൂസിയം എന്നിവയുടെ വിപുലീകരണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പി. കെ. കാളൻ സ്മാരക നിർമ്മാണത്തിനായി 2010-11 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 15,00,000 രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. മേൽ തുക അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സ്മാരക നിർമ്മാണം 2011-12 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അനുഷ്ഠാന കലകൾ സംബന്ധിച്ച് ആധികാരിക രേഖ

116(805) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള അനുഷ്ഠാനകലകൾ സംബന്ധിച്ച് ആധികാരിക രേഖ നിലവിലുണ്ടോ ; എങ്കിൽ ആയത് ലഭ്യമാക്കാമോ ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്തിന്റെ അനുഷ്ഠാനകലകൾ സംബന്ധിച്ച് ആധികാരിക രേഖ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തെ അനുഷ്ഠാനകലകൾ സംബന്ധിച്ച് സർക്കാരോ സർക്കാർസഹായ ഏജൻസികളോ നടത്തിയിട്ടുള്ള പഠനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ :

(ഡി) അനുഷ്ഠാനകലകളുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് നിലവിലുള്ള ക്ഷേമനിധികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) അനുഷ്ഠാനകലകളുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് പുതിയതായി ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) അനുഷ്ഠാനകലകൾ ഉൾപ്പെടെ കേരളത്തിലെ നാടൻ കലകളെക്കുറിച്ച് പഠിച്ച് ഒരു ആധികാരിക രേഖ (എൻസൈക്ലോപീഡിയ) തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം കേരള ഫോക്‌ലോർ അക്കാഡമിയിൽ പുരോഗമിച്ചുവരുന്നു.

(ഡി&ഇ) അനുഷ്ഠാനകലകൾ ഉപാസിക്കുന്നവർക്കും മറ്റ് കലാ സാഹിത്യ സിനിമാ രംഗത്തുള്ള സാംസ്കാരിക പ്രവർത്തകർക്കും പെൻഷൻ ഉൾപ്പെടെയുള്ള സഹായം നൽകുന്നതിനായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തിക്കഴിഞ്ഞു. ക്ഷേമനിധിയുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly